(സി) പഠനത്തിനായി തുക ചെലവാക്കിയിട്ടില്ല. 21-10-2007 മുതൽ നടന്ന ടെണ്ടറുകൾക്കായി 6,39,450 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. നേരിട്ട് കൊറിയർ/പാഴ്സൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നില്ല. മുൻ രണ്ടു വർഷങ്ങളിൽ ആകെ 15 കോടി രൂപയെങ്കിലും വരുമാനം ഉണ്ടാക്കിയിട്ടുള്ളതും, കുറഞ്ഞത് 60 വാഹനങ്ങളെങ്കിലും നിലവിൽ ഉള്ളതും, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഏജൻസികൾ ഉള്ളതുമായ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കാണ് കൊറിയർ പാഴ്സൽ സർവ്വീസ് കെ.എസ്.ആർ.ടി.സി.-യിൽ നടത്തുന്നതിനുള്ള ടെണ്ടറിൽ പങ്കെടുക്കാൻ അർഹതയുള്ളത്. കെ.എസ്.ആർ.ടി.സി. നേരിട്ട് കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടില്ലാത്തതിനാലും വരുമാനത്തിന്റെ നിശ്ചിത ശതമാനവും, സ്ഥല സൗകര്യവും, ബസ്സിലെ കൊറിയർ ബോക്സുകളും നൽകുന്ന ഇനത്തിൽ പ്രതിമാസം കുറഞ്ഞത് രണ്ട് ലക്ഷം രൂപയും ലഭിക്കുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതിനാലും ഇക്കാര്യത്തിൽ കൂടുതൽ വിദഗ്ധ പഠനത്തിന്റെ ആവശ്യകത ഉണ്ടെന്ന് കരുതുന്നില്ല.

കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകൾ

312 (318) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും ഇവ വാങ്ങുന്നതിനായി ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം ഡിപ്പോകളിലേയ്ക്കാണ് നൽകിയിട്ടുള്ളതെന്ന വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) അടൂർ ഡിപ്പോയിലേയ്ക്ക് നൽകാമെന്ന് ഉറപ്പ് നൽകിയിരുന്ന പുതിയ ബസ്സ് ലഭ്യമാക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 1330 ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

ടാറ്റാ - 410 എണ്ണം - വില - 65.989 കോടി രൂപ

ലൈലാൻഡ് - 890 എണ്ണം - വില - 126.22 കോടി രൂപ

ഏയ്ഷർ - 20 എണ്ണം - വില - 2.084 കോടി രൂപ

വോൾവോ - 10 എണ്ണം - വില - 9.439 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ 1135 ബസ്സുകൾ വിവിധ ഡിപ്പോകൾക്കായി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള ചേസിസ്സുകളിൽ ബോഡി നിർമ്മാണം കെ.എസ്.ആർ.ടി.സി.യുടെ വിവിധ വർക്ക്ഷോപ്പുകളിൽ പുരോഗമിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടൂർ ഡിപ്പോയിൽ 10 പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട്. പുതിയ ബസുകൾ ഇറങ്ങുന്ന മുറയ്ക്ക് കൂടുതൽ ബസുകൾ അനുവദിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

313 (319) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റി ലാഭത്തിലേക്ക് നയിക്കുന്നതിനായി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പക്കേജിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമാണ്.

1. പെൻഷൻ ബാദ്ധ്യതയ്ക്ക് പരിഹാരം കണ്ടെത്തുക.
2. കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ തുക മൂലധനനിക്ഷേപമാക്കി മാറ്റുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly